"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/262/2024-G.EDN 16-12-2025,തിരുവനന്തപുരം

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിന് നിയമനാംഗീകാരം നൽകുന്നത്- ടി നിയമനങ്ങൾക്ക്, K-TET യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി സിവിൽ അപ്പീൽ നം. 1385/2025 ൽ 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദേശങ്ങൾ ബാധകമാക്കുന്നത് - സ്പഷ്ടീകരണം-സംബ

സൂചന:- 1. സർക്കാർ ഉത്തരവ് (കൈ) നം 45/2025/പൊ.വി.വ. തീയതി. 24-03-2025.
2. സർക്കാർ ഉത്തരവ് (കൈ) നം 123/2025/പൊ.വി.വ. തീയതി. 28-06-2025.
3. ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 1385/2025 ൽ 01.09.2025 ലെ വിധിന്യായം
4. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 13.11.2025 തീയതിയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02-12-2025 തീയതിയിലെ ഡി.ജി.ഇ/13618/2025-H2-Part(1) നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. K-TET യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 1385/2025 ലെ 01.09.2025 ലെ വിധിന്യായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ സൂചന (4) തീരുമാനം പ്രകാരം , വിദ്യാഭ്യാസ അവകാശ നിയമം എൽ.പി/ യു.പി വിഭാഗത്തിലുള്ള അധ്യാപകർക്കാണ് ബാധകമെന്നതിനാൽ ഹൈസ്കൂൾ അധ്യാപകരുടെ യോഗ്യത സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ തുടരുന്നതിനും പ്രൈമറി അധ്യാപകരുടെ

നിയമനത്തിന് KTET യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കും എന്നും തീരുമാനിച്ചിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടർ സൂചന(5) ലെ കത്ത് മുഖേന ആവശ്യപ്പെട്ടത് പ്രകാരം, K-TET യോഗ്യത സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന്നനുസൃതമായി ജില്ലാ സമിതികൾ മുഖേന ഭിന്ന ശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു:

a ) നിലവിൽ തുടർന്ന് വരുന്നതുപോലെ LPST നിയമനങ്ങൾക്ക് KTET-I അഥവാ KTET-II നേടിയ ഉദ്യോഗാർഥിത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.

b) UPST നിയമനങ്ങൾക്ക് KTET-II യോഗ്യത നേടിയ ഉദ്യോഗാർഥിത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.

c) HST നിയമനങ്ങൾക്ക് KTET-III നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.

d) Language Teacher (LP & UP) & Specialist Teachers KTet IV നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.

2. മേൽ നിർദേശങ്ങൾ ബഹു. സുപ്രീം കോടതിയിൽ സർക്കാർ നല്കാൻ ഉദ്ദേശിക്കുന്ന പുനഃപരിശോധനാ ഹർജിക്കും ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

വിശ്വസ്തതയോടെ,
JAYAKUMAR C S
JOINT SECRETARY
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
N K Sheena
Date: 16-12-2025 12:21:25
സെക്ഷൻ ഓഫീസർ